**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2059 — 11-06-2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കെവിൻ എന്ന യുവാവിന്റെ കൊലപാതകം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ വി.പി.സജീന്ദ്രൻ** | | **പിണറായി വിജയൻ<br>(കേരള മുഖ്യമന്ത്രി)** | |
| (എ) | സ്റ്റേഷൻ ഹൗസ് ഓഫീസറായി പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചത് മൂലം ക്രമസമാധാന പാലനവും കുറ്റാന്വേഷണവും രണ്ട് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ കീഴിൽ വിഭജിച്ച് നൽകുന്നതിന് കഴിഞ്ഞതിലൂടെ കാര്യക്ഷമമായ പോലീസ് സംവിധാനം ഉറപ്പാക്കുവാനും, പോലീസിൽ നിന്നും മികച്ച സേവനം ജനങ്ങൾക്ക് ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. കേസന്വേഷണവും ക്രമസമാധാന - പാലനവും കൂടുതൽ കാര്യക്ഷമമായി നടത്തുവാനും, പൊതുജനങ്ങൾക്ക് കൂടുതൽ - മികച്ച സേവനങ്ങൾ നൽകുവാനും കഴിയുന്നുണ്ട്. കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഈ സംവിധാനം ഏർപ്പെടുത്തിയിരുന്നില്ല. |
| (ബി) | കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഈ സംവിധാനം എർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കെവിൻ എന്ന യുവാവിനെ അർദ്ധരാത്രി വീട്ടു കയറി ഗുണ്ടാസംഘം തട്ടിക്കൊണ്ടുപോയി എന്ന പരാതി ലഭിച്ചിട്ടും അതേപ്പറ്റി അന്വേഷിക്കുന്നതിനും, പോലീസിൽ നിന്നും മികച്ച സേവനം ഉറപ്പ് വരുത്തുന്നതിനും കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | | |
| (സി) | ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ കെവിന്റെ ഭാര്യ നീനു തന്റെ ഭർത്താവിനെ തട്ടി ക്കൊണ്ടുപോയി എന്ന പരാതിയുമായി മണിക്കൂറുകളോളം പ്രസ്തുത പോലീസ് സ്റ്റേഷന് മുമ്പിൽ നിൽക്കേണ്ട അവസ്ഥ | (സി) | കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ ക്രൈം നം : 744/2018 u/s 57 of KP Act പ്രകാരമുള്ള കേസ്സിന്റെ അന്വേഷണത്തിൽ കാണാതായ നീനുവിനെ കണ്ടെത്തി ഈരാറ്റുപേട്ട |

| | | | |
|---|---|---|---|
| | എപ്രകാരമുണ്ടായി എന്ന് അന്വേഷിക്കുമോ; | | മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കി കോടതിയുടെ നിർദ്ദേശ പ്രകാരം കെവിന്റെ പിതാവിനോടും കുടുംബാംഗങ്ങളോടുമൊപ്പം വിട്ടയച്ചു. കെവിനെ തട്ടിക്കൊണ്ടു പോയി എന്ന് നീനു പരാതി പറഞ്ഞെങ്കിലും, ഇക്കാര്യത്തിൽ നടപടി എടുക്കാത്തതിനെ തുടർന്ന് എസ്.ഐ. എം.എസ്.ഷിബു, എ.എസ്.ഐ.(ജി) സണ്ണിമോൻ, എ.എസ്.ഐ (ജി.) ബിജു റ്റി. എം, സി.പി.ഒ അജയകുമാർ എന്നീ പോലീസ് ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മെഡിക്കൽകോളേജ് ആശുപത്രിയിൽ മേയ് 27-ാം തീയതി നടന്ന മുഖ്യമന്ത്രിയുടെ ചടങ്ങിന് സുരക്ഷാചുമതല ഒരുക്കുന്ന ടീമിൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലെ എസ്.ഐ. ഷിബുവിന് ചുമതലയുണ്ടായിരുന്നോ; കുറ്റാന്വേഷണ ചുമതലയുള്ള എസ്. ഐ. യ്ക്ക് സുരക്ഷാ ചുമതല നൽകുവാനുണ്ടായ സാഹചര്യമെന്താണ്; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് വി.ഐ.പി ഡ്യൂട്ടിക്ക് മറ്റു പോലീസ് ഉദ്യോഗസ്ഥർക്കൊപ്പം സ്റ്റേഷൻ പരിധിയിലെ SHO മാരും മുഖ്യ പങ്ക് വഹിക്കാറുണ്ട്. അപ്രകാരം ഗാന്ധിനഗർ SHO ചുമതല വഹിച്ചുവന്ന ശ്രീ. ഷിബുവിനെയും 27.05.2018 ന് 12 PM ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡ്യൂട്ടിക്ക് ഹാജരാകാനും വൈകീട്ട് 4.30 ഓടെ മടങ്ങാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദേശം നൽകിയിരുന്നു. ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ കുറ്റാന്വേഷണവും ക്രമസമാധാനവും വിഭജിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ